ഉത്തരം

സംസ്ഥാനത്തെ മഹിളാപ്രധാൻ ഏജന്റുമാരുടെ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനായുള്ള സമഗ്ര നിർദ്ദേശം ചുമതലപ്പെട്ട സ്പെഷ്യൽ ഓഫീസർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് വിശദമായ പരിശോധനയിലാണ്.

മഹിളാപ്രധാൻ ഏജന്റുമാരുടെ പെൻഷൻ

31 (1086) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മഹിളാപ്രധാൻ ഏജന്റുമാരുടെ പെൻഷൻ പദ്ധതി നടപ്പാക്കുന്നതിനുള്ള നടപടി ഏതുവരെയായി എന്ന് വിശദമാക്കാമോ ;

(ബി) ഇതിനാവശ്യമായ നിയമനിർമ്മാണ ചുമതല ആരെയാണ് ഏൽപ്പിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ ;

(സി) പദ്ധതി പ്രാവർത്തികമാക്കുന്നതിൽ കാലതാമസം ഉണ്ടാകുന്നു എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഈ താമസം ഒഴിവാക്കി എന്നേയ്ക്ക് പെൻഷൻ നടപ്പാക്കും എന്ന് അറിയിക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ മഹിളാപ്രധാൻ ഏജന്റുമാരുടെ പെൻഷൻ പദ്ധതി സംബന്ധിച്ച് സ്പെഷ്യൽ ഓഫീസർ സമർപ്പിച്ച സമഗ്ര നിർദ്ദേശം ഇപ്പോൾ സർക്കാർ പരിശോധിച്ചു കൊണ്ടിരിക്കുകയാണ്.

(ബി) പരിശോധന പൂർത്തിയാക്കിയശേഷം ഈ കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(സി & ഡി) സ്പെഷ്യൽ ഓഫീസറുടെ റിപ്പോർട്ട് സർക്കാരിന്റെ വിശദമായ പരിശോധനയിലാണ്.

ഗ്രാമപഞ്ചായത്ത് ലൈബ്രറിയിലെ ലൈബ്രേറിയൻമാരുടെ ശമ്പളം

32 (1087) ശ്രീ. ബി. വിജയകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗ്രാമപഞ്ചായത്ത് ലൈബ്രേറിയൻമാർക്ക് മുൻസിപ്പിൽ സർക്കാർ ലൈബ്രേറിയൻമാരുടെ യോഗ്യതയുണ്ടെന്ന് 1998-ലെ ശമ്പള കമ്മീഷൻ റിപ്പോർട്ടിൽ പരാമർശമുണ്ടോ ;

(ബി) എങ്കിൽ ഇവരുടെ ശമ്പളനിരക്കുകൾ ഏകീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്ന കാര്യം സർക്കാർ പരിഗണനയിലുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly